# നിറവ്

## A K M H S S POYYA 2019-2020

### Littlte Kites



# ഉള്ളടക്കം

എഡിറ്റോറിയൽ....................................1
ആമുഖം...............................................2
**ആശംസകളോടെ..................................3**
**നന്ദി..................................................4**
**വെള്ളിനക്ഷത്രം..................................5**
**കൈതാങ്ങായ് ദൈവം..........................6**
**അമ്മ.................................................7**
**അമ്പിളിമുത്തശ്ശി.................................8**
**രാത്രിമഴ...........................................9**
**അതിജീവനം......................................10**
**മരമേ മരമേ......................................11**
**മഞ്ഞുമഴ.........................................12**
**കണിക്കൊന്ന.....................................13**

# എഡിറ്റോറിയൽ

ഒരു അദ്ധ്യായനവർഷത്തിലെ താളുകൾ മറിയുമ്പോൾ പൊഴിഞ്ഞ ഇലകൾ വീഴും. അവ വരും കാലത്തിലേക്ക് പാറിയടുക്കുന്നു. അത്തരത്തിൽ നിരവധി ചിന്തകൾ ഉരിതിരിയുമ്പോൾ പുത്തൻ ആശയങ്ങൾ ഉടലെടുക്കുന്നു. അതുതന്നെയാണ് ഈ നിറവുകളിലും കാണാൻ സാധിക്കുന്നത്.

ഓർമ്മകൾ ഉറങ്ങുന്ന ഈ വിദ്യാലയ മുറ്റത്ത് ചെറുമലരുകൾ വീശി ഞങ്ങൾ എ കെ എം എച്ച് എസ് വിദ്യാർത്ഥിസംഗമം നിങ്ങൾക്ക് മുന്നിൽ സ്നേഹപൂർവ്വം സമർപ്പിക്കുന്ന പ്രതീക്ഷയുടെ താളുകളിൽ

നവ മാധ്യമദുരുപയോഗത്തിനെതിരെയുള്ള
വെള്ളാരംകല്ലുകൾ നിറവുകളായി മാറട്ടെ ....

# ആമുഖം

ലോകം വിരൽത്തുമ്പിൽ എന്ന ആശയവുമായി അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വിവര വിനിമയ സാങ്കേതിക വിദ്യ രാജ്യ പുരോഗതിയെ തന്നെ സ്വാധീനിക്കുന്ന ഒന്നാണ് ശാസ്ത്രരംഗത്ത് അടക്കം വിവിധ മേഖലകളിൽ വലിയൊരു കുതിച്ചു ചാട്ടത്തിന് കമ്പ്യൂട്ടർ വഴി ഒരുക്കി പ്രായഭേദമന്യേ എല്ലാവരും ഇന്ന് കമ്പ്യൂട്ടർ ഉപയോഗിക്കുന്നുണ്ടെങ്കിലും,കുട്ടികളടക്കമുള്ള പുതുതലമുറയാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നത് വിദ്യാലയങ്ങളിലെ  വിവരവിനിമയ സാങ്കേതിക വിദ്യക്ക് നേതൃത്വം വഹിക്കുന്ന "ലിറ്റിൽ കൈറ്റ്സ്'' കമ്പ്യൂട്ടറിനെ തൊട്ടറിഞ്ഞ കുട്ടികളുടെ ഒരു കൂട്ടായ്മയണ്.

ഈ ക്ലബ് വിഭാവനം ചെയുന്ന വൈവിധ്യമായ പ്രവർത്തനങ്ങളിൽ ഒന്നാണ് ഡിജിറ്റൽ മാഗസീൻ കുട്ടികളുടെ

സർഗത്മകമായ രചനകൾ സമാഹരിച്ച് അതിനെ ഡിജിറ്റലാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്കു ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് നിർവഹിക്കുന്നത് .  ഇതിലെ തെറ്റുകുറ്റങ്ങൾ സവിനയം ക്ഷമിക്കണമെന്നും ഈ മാഗസീൻ കുടുതൽ മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ നൽകിയും ഈ സംരംഭത്തെ അനുഗ്രഹിക്കണമെന്നും

എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

എന്ന്

മായ ഏബി

കൈറ്റ്സ് മിസ്സ്ട്രസ്

എ കെ എം എച്ച് എസ്

പൊയ്യ

# ആശംസകളോടെ

എ കെ എം സ്കൂളിൽ ലിറ്റിൽ കൈറ്റ്സിൻെറ ആഭിമുഖ്യത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ തികച്ചും മാതൃകാപരമാണ്. കുട്ടികളുടെ സർഗാത്മകമായ രചനകളും ലേഖനങ്ങളും മറ്റു സാഹിത്യസൃഷ്ടികളും ഉൾപ്പെടുത്തിയിട്ടുള്ള ഈ മാഗസിൻ ഏറെ പ്രശംസതീയമായ ഒന്നാണ്. നിറവ് എന്ന ഡിജിറ്റൽ മാഗസിൻ എല്ലാവിധ ആശംസകളും നേരുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ കൊച്ചുകൂട്ടുകാർക്കും അവരുടെ അധ്യാപകരായ മായ ടീച്ചർക്കും സിജുമാസറ്റർക്കും ഹൃദയംഗമമായ അഭിനന്ദനങ്ങൾ

ഹെഡ്മിസ്സ്ട്രസ്
ലിറ്റി വർഗ്ഗീസ്

# നന്ദി

പൊയ്യ എ കെ എം ഹൈസക്കുളിൽ കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗാത്മക സൃഷ്ടികളുടെ എളിയ സമാഹരമാണ് ഈ മാഗസിൻ . മാഗസിനു വേണ്ടി വിലപ്പെട്ട നിർദേശങ്ങൾ നല്കിയും സർഗ്ഗസൃഷ്ടികൾ നല്കിയവർക്കും, ചിത്രങ്ങൾ നല്കി മനോഹരമാക്കിയവർക്കും, സൃഷ്ടികൾ ടൈപ്പ് ചെയ്യുവാൻ സഹായിച്ചവർക്കും, അധ്യാപകർക്കും, പി ടി എ അംഗങ്ങൾക്കും മാനേജ്മെൻ്റിനും, ഞങ്ങളുടെ സ്നേഹാദരണിയ്യായ ഹെഡ്മിസ്ട്രസ് ലിറ്റി ടീച്ചർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

എഡിറ്റേർസ്

മനുപ്രിയ,ആനന്ദ്,ബിജോ ജോൺസൻ

# വെള്ളിനക്ഷത്രം




രാത്രിയഴത്തിൻ മിന്നി തിളങ്ങും നക്ഷത്രം
കുടുകുടാൻ ഇടറിലാതൊരു നക്ഷത്രം
അങ്ങകലെ ചന്ദ്രനമറവിൽ
നിൽക്കും നക്ഷത്രം
രാത്രിയിൽ തിളങ്ങും നക്ഷത്രം
വെള്ളിപോലെ തിളങ്ങുന്നൊരു
വെള്ളി നക്ഷത്രം
മാനം നിറയെ നിറയെഞ്ഞുനിൽക്കും
വെള്ളി നക്ഷത്രം
ഭംഗിയുള്ളൊരു നക്ഷത്രം

അഞ്ജന വി എസ്


# കൈതാങ്ങായ് ദൈവം



ഒരു നേരത്തെ ആഹാരമില്ലാതെ
അവൻ ജീവിക്കുന്നു
ശോഷിച്ച കൈകാലുകളാൽ അവൻ
നീങ്ങുന്ന  ലോകത്തിൽ കുടകീഴിൽ
അന്നം തരുന്ന ദൈവമേ
നീ എന്താണ് ചെയ്യുന്നത്?
പാവം പിഞ്ചുകുഞ്ഞിന്
ഒരു നേരത്തെ അന്നം
കൊടുത്തു നീ സഹായിക്കണേ
വേ ◌ാളം ഭക്ഷണം തന്നു നീ
എന്നേ സഹായിക്കുന്നു
എന്നാൽ ഒരു നേരത്തെ
ഭക്ഷണം ഇല്ലാതെ അവൻ അലയുന്നു
ആ കുഞ്ഞിന് ഒരു നേരത്തെ
അന്നം കൊടുത്തു നീ
കുഞ്ഞിനെ കാക്കണം

-ദുർഗ്ഗ എം ആർ

# അമ്മ



സംഗീതമായി അമ്മ എന്നെ
തൊട്ടലിയിക്കുന്നു
മേലെ ആകാശത്തിൽ മേഘങ്ങൾ
പോലെ തൊട്ടലിയിക്കും എന്നമ്മ
വസന്തകാലത്തെൻ പൂവായ്
വിരിയും പൂമൊട്ടുപോലമ്മ
മഴയത്തുനനഞ്ഞുനിന്നീടുമ്പോൾ
കുടപോൽ വന്നെത്തിടും എന്നമ്മ
തന്നുപ്പായിടുമ്പോൾ കമ്പളിയെക്കാൾ
ചൂടേക്കും എന്നമ്മ
എൻ ജിവിതത്തിലെ അണയാ-
വിളക്കായി കുടെയുണ്ടെൻനമ്മ

നന്ദന ഷിജു

# അമ്പിളി മുത്തശ്ശി



ആകാശത്തിലെ മുത്തശ്ശി
അമ്പിളി മുത്തശ്ശി
പല്ലില്ലാത്തൊരു മുത്തശ്ശി
പാവം മുത്തശ്ശി
മുത്തശ്ശിയൊന്ന് ചിരിച്ചാലോ
മാനത്താകെ കൂരിരുട്ട്
ആകാശത്തിലെ മുത്തശ്ശി
അമ്പിളിമുത്തശ്ശി

-ഗൗരി ചന്ദന ഒ എസ്

# രാത്രിമഴ





മഴത്തുള്ളികൾ ഇറ്റിറ്റുവീണതെൻ
മനസിന്റെ ജാലകത്തിൽ
കാറ്റും മഴയും കുളിർ തൻ രാത്രിയിൽ
രാത്രിമഴയായി ആ രാവിൽ
പുൽമെത്തയിൽ പുതച്ചുമൂടി
നിശബ്ദമാം രാവ് മഴയിൽ മുങ്ങി
മഞ്ഞു മൂടുന്ന മേഘവാനത്തിൽ
മറയുന്ന ചന്ദ്രനെ നോക്കി നിന്നു
തണുപ്പുള്ള രാത്രി തൻ പേമാരിയുടെ
കോലാഹലം
ശക്തി തൻ മിന്നൽ മിന്നി മാഞ്ഞു
രാത്രി മഴ തൻ യാമ ധരണിയിൽ ഞാൻ
പുലരുന്ന സൂര്യനെ നോക്കി നിന്നു

ശ്രീപൂജ കെ എസ്

# അതിജീവനം

ഈ കുഞ്ഞുപുല്ലിന്
വേനലിനെ
അതിജീവിക്കാനാകുമോ
കൊന്നമരമേ
വെയിലിനെ ഉരുക്കി
സ്വർണമാക്കി
കാതിലണിയുന്ന പണി
അതിനെ പഠിപ്പിക്കണേ
ഉങ്ങുമരമേ,
വേനലിനെ എടുത്ത്
കുളിർത്തൊപ്പിയാക്കി
തലയിൽ വയ്ക്കുന്ന കളി
അതിനെ ശീലിപ്പിക്കണേ
അല്ലെന്നാൽ
ചെറുതല്ലേ എന്നു വച്ച്
വേനൽ അതിനെ
പച്ചയ്ക്ക് തിന്നുകളയും!



തേജ

# മരമേ മരമേ



മരമേ മരമേ ,നീ വാടുമ്പോൾ
മഴയെച്ചെന്നു വിളികാം
മഴപെയ്യുമ്പോൾ അടിമുടി
മഴവെള്ളത്തിൽക്കുളിരട്ടെ
പാറിത്തളരും പൂമ്പാറ്റയ്ക്കായ്
പൂക്കളെ മെല്ലെയുണർത്താം ഞാൻ
പൂവിലിരുന്നവൾ പതിയെക്കാറ്റിൽ
പൂന്തേൻമധുരം നുകരട്ടെ
അകലേയ്ക്കകലേയ്ക്ക്കാശത്തെ
അതിരില്ലാതെ വളർത്താം ഞാൻ
പറവകളെല്ലാമൊന്നിച്ചവിടെ-
ച്ചിറകുവിടർത്തിപ്പാറട്ടെ!
നമ്മുടെ ഭൂമി നമിക്കെല്ലാർക്കിമൊ-
രമ്മേപ്പോലെന്നോതാം ഞാൻ
നന്മ നിറഞ്ഞവർ മക്കൾ മുഴുവൻ
തമ്മിൽത്തമ്മിൽ പുണരട്ടെ!

ലയ

# മഞ്ഞുമഴ



മഴയുള്ള രാത്രിയിൽ
മനസിൻെറ   ഈണങ്ങൾ
ഈറൻ കാറ്റിൽ   ഉഞ്ഞാലാടി
റോസാപ്പൂവിൻ ഇതളുകളോ
എന്നെ തലോടാൻ പാറിവന്ന
മഴകാലമല്ലേ മഴയല്ലേ
മഞ്ഞുകാലമല്ലേ മഞ്ഞല്ലേ
മഞ്ഞുള്ള താഴ്വര
മസസ്സിൻെറ അടിത്തട്ടിൽ
ചിത്രം ശലഭം പോൻ പാറിനടന്ന
മഴകാലമല്ലേ മഴയല്ലേ
മഞ്ഞുകാലമല്ലേ മഞ്ഞല്ലേ
മഴകാലമല്ലേ ഈറൻ മഴയല്ലേ
മഞ്ഞുകാലമല്ലേ കോടമഞ്ഞല്ലേ

# കണിക്കൊന്ന

മഞ്ഞപകിട്ടാർന്ന  മുന്തിരികുലപ്പോൾ
തുങ്ങികിടക്കും നക്ഷ്ത്ര പൂക്കൾ
കൃഷ്ണ ദേവനുവേണ്ടി അർപ്പിക്കുന്ന
നിവേദ്യമാണി കണിക്കൊന്ന
കാറ്റാൽ കണിക്കൊന്ന
പാടുന്നു ആടുന്നു
വിഷുകണി വരവേൽക്കാൻ
കൃഷ്ണദേവനുഗ്രഹിച്ച
പുഷ്പമാണി കണിക്കൊന്ന
കേരളിയരുടെ പുഷ്പമാണി കണിക്കൊന്ന
കെട്ടിന് പത്ത്
ചന്തയിൽ എട്ട്
വിൽക്കുന്ന കുട്ടപ്പനെടുത്തട്ട്



-അന്ന